റാവു സാഹിബ്ബ് എം. എം. പോറ്റി: (എ) ആകെ ൧൯൪൨ കക്കാടകം ഉപ്പംനെ രെ ൪,൩൭൬,൭൭൫ പറ നെല്ല് വാങ്ങീട്ടുണ്ട്. മുകുന്ദപുരം ൧,൫൩, ൪൩൯ പറ. തൃശ്ശിവപേരൂർ ൩, ൧൬,൨൪൭ പറ. തലപ്പിള്ളി ൭൨, ൦൩൦ പറ.

(ബി) മില്ലുകളിലും സക്കാർ ഡെപ്പോകളിലുമായി ശേഖരിച്ചിരിക്കുന്നു.

(സി) നെല്ല് ശേഖരിച്ചിട്ടില്ല.

(ഡി) ൩-ാംചോദ്യത്തിന്റെ മറുപടി അനുസരിച്ച് ഉത്തരം ആവശ്യമില്ല.

(ഇ) മില്ലുകളിലും സക്കാർ ഡെപ്പോകളിലുമായി സൂക്ഷിച്ചിരിക്കുന്നു.

A. Note.- Separate accounts for Kole and puncha are not maintained.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിൽനിന്നും എത്ര പറ നെല്ല് ഇക്കൊല്ലം മില്ലു ചെയ്തിട്ടുണ്ട്?

റാവുസാഹിബ്ബ് എം. എം. പോറ്റി: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏതെങ്കിലും സ്ഥലത്തു സൂക്ഷിച്ചിട്ടുള്ള നെല്ല് ലേലം ചെയ്തു വില്ക്കുവാൻ തീച്ചയാക്കീട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോറ്റി: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏതെങ്കിലും സ്ഥലത്തു് നെല്ല് കൂട്ടിയിട്ടിരുന്നതു് പൂണ്ണ മൂടിച്ചു് കെട്ടയായിട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോറ്റി: അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ൧൯൪൨-ൽ ഈ രണ്ടു് ഇനങ്ങളിൽനിന്നു് എത്രപറ നെല്ല് ആകെ വരവുണ്ടായിട്ടുണ്ടെന്നു പറയാമോ?

റാവുസാഹിബ്ബ് എം. എം. പോറ്റി: വിരിപ്പു്, ൫൦ ലക്ഷത്തി മുപ്പത് ആയിരത്തി ഏഴര പറ, മുണ്ടകൻ ൫൩ ലക്ഷത്തി ഏഴു ആയിരത്തി ൫൫൫ പറ, കോൾ ഒരു ലക്ഷത്തിൻ ആയിരത്തിൽ ചില്വാനം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ൧൯൪൨-ൽ ഒരു ലക്ഷത്തിൽ ചില്വാനമുണ്ടായിരുന്നതു് ൧൯൪൫-ൽ ൫ ലക്ഷത്തിൽ ചില്വാനമായി കുറയുവാനുണ്ടായ കാരണമെന്താണു്?

റാവുസാഹിബ്ബ് എം. എം. പോറ്റി: കോളിന്റെ ഡാമേജ് ആണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ആ ഡാമേജ് മാത്രമാണു് ഇതെന്നു പറയുവാൻ സാധിക്കുമോ?

റാവുസാഹിബ്ബ് എം. എം. പോറ്റി: കോളിന്റെ ഡാമേജാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഡാമേജ് വന്നപോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോറ്റി: അന്വേഷിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഇനിയും വളരെ കൃഷിസ്ഥലങ്ങൾ ഇരുപ്പൂവു നിലങ്ങളാക്കുന്നുണ്ടെന്നു പറഞ്ഞു. ഇപ്പോഴുള്ള വിളവു കൂടുതലാകാതിരിക്കുവാൻ കാരണം കോൾ മോശമായതുകൊണ്ടാണോ?

റാവുസാഹിബ്ബ് എം. എം. പോറ്റി: കോൾ മോശമായതുകൊണ്ടായിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നെല്ല് ഉണക്കി സൂക്ഷിച്ചിരിക്കയാണോ എന്നു് ഏതെങ്കിലും നോക്കാറുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോറ്റി: ഉവ്വു്. ഞാനും ചിലപ്പോഴൊക്കെ പോയി നോക്കാറുണ്ടു്. സപ്ലൈ ആഫീസർമാർ നോക്കാറുണ്ടു്; മില്ലിംഗ് ആഫീസർമാരും നോക്കാറുണ്ടു്.

SWEET POTATOES—CULTIVATION—PARTICULARS REGARDING

141. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി പറയുമോ.—

(എ) മധുരകിഴങ്ങു കൊച്ചീരാജ്യത്തു കൊല്ലംതോറും എത്ര ടൺ ഉണ്ടാകുന്നുണ്ടു്;

(ബി) ഇവിടെ പുറമെനിന്നു് എത്ര ടൺ വരുന്നുണ്ടു്;

(സി) മധുരകിഴങ്ങു കൊച്ചിയിൽനിന്നു് പുറത്തേക്കു കൊണ്ടുപോകാൻ പാടില്ലെന്നു വല്ല നിബന്ധനയുമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മലബാറിലോ തിരുവിതാംകൂറിലോ ഇതുപോലെ ഈ കായ്ത്തിൽ വല്ല നിബന്ധനയോ മറേറാ ഉണ്ടോ?

റാവു സാഹിബ്ബ് എം. എം. പോൾ: (എ) ഉദ്ദേശം ന്യ ൦ ൦ ടൺ.

(ബി) ഏകദേശം ഫ,ന്യ ൦ ൦ ടൺ.

(സി) പെർമിറ്റില്ലാതെ പുറത്തേക്ക കൊണ്ടുപോകുവാൻ പാടില്ലായെന്ന നിബന്ധനയുണ്ട്.

(ഡി) ഇല്ലെന്നാണ് അറിവ്.

മിസ്റ്റർ പി. കെ. ഡീവർ: ഈ ഫ,ന്യ ൦ ൦ ടണ്ണിൽ വല്ലതും കുറഞ്ഞുപോയിട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: ഇല്ലെന്നാണ് തോന്നുന്നത്.

മിസ്റ്റർ പി. കെ. ഡീവർ: ഈ ഫ,ന്യ ൦ ൦ ടൺ ഏതുകൊല്ലത്തിലെ കണക്കാണ്?

റാവുസാഹിബ്ബ് എം. എം പോൾ: ഫ ഫഠ ൦-ന മുമ്പുള്ള കണക്കാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: പുറമെ ഏതെല്ലാം നാടുകളിൽ നിന്നാണ് കൊണ്ടുവരുന്നത്?

റാവുസാഹിബ്ബ് എം. എം. പോൾ: മലബാറിൽനിന്നും തിരുവിതാംകൂറിൽനിന്നുമൊക്കയാണ്.

മിസ്റ്റർ പി. എ. മഹമ്മതു അഷ്റഫ്: ഇതിന്റെ കണക്ക് എങ്ങിനെയാണ് കിട്ടിയതു?

റാവുസാഹിബ്ബ് എം. എം. പോൾ: പലവിധത്തിലും.

മിസ്റ്റർ പി. എ. മഹമ്മതു് അഷ്റഫ്: മധുരക്കിഴങ്ങിനു് ഇമ്പോർട്ടേഷൻ കൊടുക്കാറുണ്ടോ? ഉദ്ദേശം ന്യ ൦ ൦ ടൺ എന്നു പറഞ്ഞിട്ടുണ്ട്. ഇതിന്റെ കണക്ക് എങ്ങിനെയാണ് എടുത്തതു?

റാവുസാഹിബ്ബ് എം. എം. പോൾ: നാട്ടിലുള്ള ഉല്പന്നങ്ങളുടെ കണക്കെടുത്ത കൂട്ടത്തിൽ എടുത്തതാണ്.

മിസ്റ്റർ പി. എ. മഹമ്മതു് അഷ്റഫ്: ഇതിന്റെ കണക്കെടുക്കണമെന്നു് കൃഷിക്കാക്ക വല്ല നിബന്ധനയും നൽകിട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: നൽകീട്ടില്ല. കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നും തന്ന കണക്കാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: മധുരക്കിഴങ്ങു കൃഷിയുടെ പ്രോത്സാഹനമായിഗവമ്മെണ്ടു് എന്തെങ്കിലും ചെയ്തുകൊടുത്തിട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: ഇതിനുമാത്രമായിട്ടു് ചെയ്തുകൊടുത്തിട്ടില്ല. പൊതുവെ ചെയ്തുകൊടുത്തുവരുന്ന പ്രോഹത്സാഹനങ്ങൾ ഇതിനും ബാധകമാണ്.

മിസ്റ്റർ പി. കെ. ഡീവർ: ഒരു വില്ലേജിൽനിന്നു മറെറാരു വില്ലേജിലേക്കു മധുരക്കിഴങ്ങുകൊണ്ടുപോകുവാൻ തടസ്സമുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: ഇല്ല.

മിസ്റ്റർ ജോസ് കെ. വറുഗീസ്: ഇതെല്ലാം നോക്കുവാൻ അതുത്തികളിൽ സാധാരണ ശിപായിമാരില്ലേ? കൃഷിഡയറക്ടർക്ക ഈ ഇൻഫർമേഷൻ എവിടെനിന്നാണ് കിട്ടിയതു?

റാവുസാഹിബ്ബ് എം. എം. പോൾ: കൃഷിഡയറക്ടർ ഇടക്കിടക്ക് സർവ്വെ കഴിക്കാറുണ്ട്.

മിസ്റ്റർ ജോസ് കെ. വറുഗീസ്: എങ്ങിനെയാണ് ഇദ്ദേഹത്തിനു് ഈ കണക്ക കിട്ടിയതു?

റാവുസാഹിബ്ബ് എം. എം. പോൾ: ഏതെല്ലാം വിധത്തിലാണ് ശേഖരിച്ചതെന്നു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: മധുരക്കിഴങ്ങ് കൊച്ചിരാജ്യത്തു് എവിടെയെല്ലാമാണ് കൃഷി ചെയ്യുന്നതു?

റാവുസാഹിബ്ബ് എം. എം. പോൾ: വടക്കൻപ്രദേശങ്ങളിലാണ് അധികഭാഗവും കൃഷി ചെയ്യുന്നതു?

മിസ്റ്റർ പി. നാരായണമേനോൻ: ഇതു് എത്രകൊല്ലം മുമ്പുള്ള കണക്കാണ്?

റാവുസാഹിബ്ബ് എം. എം. പോൾ: നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: ആമ്പല്ലൂർനിന്ന് എറണാകുളത്തേക്ക് കൊണ്ടുവരുന്നുണ്ടോ?

റാവുസാഹിബ് എം. എം. പോൾ: ഇല്ല.

PRICE OF RICE IN COCHIN STATE AND BRITISH-COCHIN

142. മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവൺമെന്റ് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടി പറയുമോ.—

(എ) ഇന്നു കൊച്ചിരാജ്യത്തിൽ റേഷൻ കാർഡുകാർക്കു കൊടുത്തുവരുന്ന അരിയുടെ വില, ഇടങ്ങഴി ഒന്നുക്കും, ബ്രിട്ടീഷ് കൊച്ചിയിൽ കൊടുത്തുവരുന്ന അരിയുടെ വില ഇടങ്ങഴി ഒന്നുക്കും എന്തു വ്യത്യാസമുണ്ട്;

(ബി) ഈ വ്യത്യാസം ഇല്ലായ്മചെയ്ത് ബ്രിട്ടീഷിലുള്ള വിലക്കുതന്നെ അരി കൊച്ചിയിലും കൊടുക്കുവാൻ ഇപ്പോൾത്തന്നെ സാദ്ധ്യമല്ലെ;

(സി) അല്ലെങ്കിൽ എന്തുകൊണ്ട്?

റാവു സാഹിബ് എം. എം. പോൾ: (എ) ഇവിടെ അരി ഇടങ്ങഴിക്ക് ൪ ണ. ൨ സ. യും താണതരം അരി ഇടങ്ങഴിക്ക് ൨ ണ. ൩ സ. ആയും ആണ് വിൽക്കുന്നതു്. ബ്രിട്ടീഷ് കൊച്ചിയിൽ അരിയുടെ വില ഇടങ്ങഴിക്ക് ൪ ണ ൨ സ. ആണെന്നാണറിവു്.

(ബി) അല്ല.

(സി) ബ്രിട്ടീഷ്കൊച്ചിയിൽ വിതരണം ചെയ്യുന്നതിനു് അരി മദ്രാസ് സംസ്ഥാനത്തുനിന്നും ലഭിക്കുന്നതാണു്. എന്നാൽ കൊച്ചിരാജ്യത്തു് ആവശ്യമുള്ള അരിയിൽ ഏറിയഭാഗവും പുറമെ വിദൂരരാജ്യങ്ങളിൽനിന്നു വരുന്നതാണു്. അവിടത്തെ അരിയുടെ വില കൂടുതലാണെന്നുള്ളതിനു പുറമെ അവിടെനിന്നു അരി കൊണ്ടുവരുവാനുള്ള ചിലവും വളരെ അധികമാണു്. ഇപ്പോൾ അരിയുടെ വില കുറച്ചിരിക്കുന്നതുതന്നെ വളരെ നഷ്ടം സഹിച്ചിട്ടാണു്. ഇനിയും വില കുറക്കുകയാണെങ്കിൽ വമ്പിച്ച നഷ്ടം സഹിക്കേണ്ടിവരും.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: പുറരാജ്യങ്ങളിൽനിന്നു് അരികൊണ്ടുവരുവാനുള്ള ചിലവു് അധികമാണ് എന്നു പറഞ്ഞുവല്ലോ. അരികൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് കുറക്കുവാൻ നിവൃത്തിയില്ലേ?

റാവുസാഹിബ് എം. എം. പോൾ: മിനിമം ചാർജ്ജാണ് ഇപ്പോഴുള്ളതു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: ഇപ്പോൾ പഞ്ചാബിൽനിന്നു നേരിട്ട് അരി കൊണ്ടുവരുന്നതിനു പകരം മദ്രാസ് ഗവൺമെണ്ടിൽനിന്നും കൊച്ചിക്കാവശ്യമുള്ള അരി വാങ്ങുന്നതിനുള്ള ഏർപ്പാടു് ചെയ്യുന്നതക്കവണ്ണം ഇൻഡ്യഗവൺമെണ്ടുമായിട്ട് ഇടപെടുവാൻ കൊച്ചി ഗവൺമെണ്ടിനു സാധിച്ചിട്ടില്ലേ?

റാവുസാഹിബ് എം. എം. പോൾ: കുറെയൊക്കെ സാധിച്ചിട്ടുണ്ട്. അങ്ങിനെയായാൽ കൂടിയും ട്രാൻസ്പോർട്ടിംഗ് ചാർജ്ജസ് നാം വഹിക്കേണ്ടിവരും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: താണതരം അരി ഇടങ്ങഴിക്ക് ൩ ണ. ൨പൈക്ക് വിൽക്കുന്നുവെന്നു പറഞ്ഞതിട്ടുണ്ട്. ഏതുതരം അരിയാണതു്?

റാവുസാഹിബ് എം. എം. പോൾ: തീരെ പൊടിഞ്ഞതാണ്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതു് എവിടെനിന്നു വന്നുകൂടുന്നതാണാദ്യവാ?

റാവുസാഹിബ് എം. എം. പോൾ: അതു് വരുത്തുന്ന അരിയുടെ കൂട്ടത്തിൽ പെട്ടതും ഇവിടെ കുത്തുന്ന അരിയിൽനിന്നുകിട്ടുന്നതുമാണ്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അരി നല്ലപോലെ നോക്കി വാങ്ങുവാൻ സാധിക്കാത്തതുകൊണ്ടല്ലേ ഇങ്ങിനെ മോശമായ അരി കിട്ടുവാൻ സംഗതിയായിട്ടുള്ളതു്?

റാവുസാഹിബ് എം. എം. പോൾ അല്ലാ, അരി നോക്കി വാങ്ങുവാനുള്ള വേണ്ടഏർപ്പാടു ചെയ്തിട്ടുണ്ട്. ആ തൊഴിലിൽ അറിവും പരിചയവുമുള്ള ആളുകളാണ് അരി വാങ്ങുന്നതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴ്ന്നതരം അരിയുടെ നഷ്ടംകൂടി കണക്കാക്കിയാണോ ബ്രിട്ടീഷിലേക്കാൾ കൂടുതൽ വിലക്ക് ഇവിടെ അരിവില്ക്കുന്നതു്?

റാവുസാഹിബ് എം. എം. പോൾ: അല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: മൃഗങ്ങളുടെ ആവശ്യത്തിനുപയോഗിക്കുവാൻ വേണ്ടിയാണൊ താണതരം അരി കൊടുക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly